# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6399 — 11-07-2012 - ൽ മറുപടിക്ക്

## വ്യവഹാരനയം രൂപീകരിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | നീതി നിർവ്വഹണം വേഗത്തിലാക്കാൻ സംസ്ഥാനത്ത് ഒരു വ്യവഹാരനയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ ; | നീതി നിർവ്വഹണം വേഗത്തിലാക്കാൻ ദേശീയ വ്യവഹാരനയത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ സംസ്ഥാന വ്യവഹാരനയം 03-12-2011 ലെ സ. ഉ. (പി) നം. 12/2011/നിയമം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് | സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി 12/06/2012 ലെ സ. ഉ. 11/2012/നിയമം പ്രകാരം സംസ്ഥാന, ജില്ലാതല, താലൂക്ക്തല എംപവേർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ലോ ഓഫീസർമാർ ഇല്ലാത്ത വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നിലവിൽ വിവിധ കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകളുടെ ബാഹുല്യം കണക്കിലെടുത്ത് നടപ്പുസാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന പരിഹാരനടപടികൾ എന്തെല്ലാമാണ്; | കോടതികളിൽ കെട്ടിക്കിടക്കുന്ന സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ ശരാശരി കാലാവധി 15 വർഷത്തിൽ നിന്നും 3 വർഷമായി കുറയ്ക്കുകയും സർക്കാർ കക്ഷിയായ കേസുകൾ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും സമയബന്ധിതമായും സംയോജിപ്പിച്ച് നടത്തുന്നതിനും അടിസ്ഥാനമുള്ള എല്ലാ വ്യവഹാരങ്ങളും വിജയിപ്പിക്കുന്നതിനും അനാവശ്യവ്യവഹാരങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കിയിട്ടുള്ളത്. വിവിധ വകുപ്പുകളിലെ കോടതി വ്യവഹാരങ്ങളും അദാലത്ത് കേസുകളും ഫലപ്രദമായി നടത്തുന്നതിന് വിവിധവകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലോ ഓഫീസർമാരെ സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഓഫീസർമാരായി പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. കൂടാതെ നിലവിൽ ലോ ഓഫീസർമാർ ഇല്ലാത്ത വകുപ്പുകളിൽ നിയമ നോഡൽ ഓഫീസർമാരെ നിയമ വകുപ്പിൽ നിന്നും ഉടൻ നിയമിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

Rum

സെക്ഷൻ ഓഫീസർ